
# കരിങ്കിളി

ലളിതാ ലെനിൻ



# കരിങ്കിളി

ലളിതാ ലെനിൻ

SAYAHNA FOUNDATION

**Karinkiḷi** (കരിങ്കിളി)
(Malayalam: poem)
Lalitha Lenin

Sayahna digital edition published in 2022.

Copyright © 2022, Lalitha Lenin

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Le cheval sur le chemin* (1889), an oil on canvas painting by Paul Gauguin (1848–1903). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

| | | |
|---|---|---|
| 1 | അങ്ങയെത്തേടി | 1 |
| 2 | നീയില്ലെങ്കിൽ | 3 |
| 3 | ധ്യാനം | 5 |
| 4 | കരിങ്കിളി | 8 |
| 5 | കൂട്ടിലേയ്ക്ക് | 11 |
| 6 | പ്രേമഭിക്ഷ | 13 |
| 7 | യാത്ര | 16 |
| 8 | മാവും കിളിയും | 20 |
| 9 | താളഭംഗം | 22 |
| 10 | വിരഹസന്ധ്യ | 24 |
| 11 | കരിയിരുൾ | 26 |
| 12 | അനസൂയ | 29 |
| 13 | വിഷാദസൗഖ്യം | 33 |
| 14 | എന്നെ ഞാനറിഞ്ഞീല | 36 |

— 1 —

## അങ്ങയെത്തേടി

അങ്ങയെത്തേടി
കാറ്റിൻ കൈകളിൽ
ഇളംതൂവൽച്ചിറകും കൊതിച്ചുകൊ-
ണ്ടെപ്പൊഴും തേങ്ങും കൊച്ചുകുരുവിക്കുഞ്ഞായി ഞാൻ.
അന്തിമാനത്തിൽ, ശോണമേഘമാലയിൽ,
പൂവിൻ കരളിൽ, തൂമഞ്ഞിലെക്കുളിരിൽ,
പ്രഭാതത്തിൽ ഹോമകുണ്ഡത്തിൽ, നീല-
വിണ്ണിലും, വിണ്ണിൻ താഴെ
മണ്ണിലും കിനാവിലും
അങ്ങയെത്തേടി
രാഗവിഹ്വലം നടന്നു ഞാൻ ...

പുഴയെക്കടലാക്കും കാറ്റിനോടൊപ്പം
പ്രേമഗീതകം പാടാ, നിറ്റു
കണ്ണുനീർ പൊഴിക്കുവാ-
നാകാതെ വിങ്ങിത്തുടുത്തുമിത്തീക്കുടം പോലെ
ഇരവും പകലുമി-
ല്ലിരുട്ടും നിലാവുമി-
ല്ലെന്റെ കൂട്ടിലെക്കൊച്ചുവിളക്കും ഞാനും മാത്രം
ഉറക്കം വരാതെത്രയുഗങ്ങൾ
വിരൽത്തുമ്പാലെന്റെ മുന്നിലെ-
ത്തപ്തവായുവിൽ വരയ്ക്കുന്നു
എന്റെമാത്രമാം നിന്റെ രാഗമാനസചിത്രം!
തീവ്രമോഹത്തിൻ തിരച്ചാർത്തിലേക്കലിഞ്ഞിടാൻ
അധരം വിടർത്തുമീ മുഗ്ദ്ധമാമനുരാഗ

സുമനം വിരിഞ്ഞാദ്യ സുഗന്ധം പരത്തുമ്പോൾ,
എവിടെ കാറ്റിൻ കര-
മെവിടെ കരിവണ്ടെ-
ന്നിതളോരോന്നുംവെറും
പാഴ്ക്കിനാവായിടുന്നോ?
വിളറും വിളക്കിന്റെ
ചുണ്ടിലേക്കനന്തമീ
സ്നേഹവും പകർന്നുള്ളിൽ
വേപഥുപൂണ്ടിട്ടേറ്റം
ഉല്ക്കകൾ വിയൽപദം
പൂല്കിടും പ്രണവത്തി-
ലഞ്ജലീബദ്ധം ചെവി-
പാർത്തു ഞാൻ നില്ക്കുന്നിതാ!
പൊഴിയുന്നനാദ്യന്തകാലമായ്
നിമിഷങ്ങൾ, തളിർക്കും കുരുന്നോല,
വീണ്ടുമീ മുറ്റത്തെത്ര
വെൺകൊറ്റക്കുട നീർത്തും?
എവിടെത്തേടും നിന്നെ, തീരഭൂവിലെത്തെളി-
വെയിലിൽ വളർത്തീടും
നനുത്ത പുൽക്കുമ്പിലോ
ആദ്യമായ് വർഷാരാത്രിയുതിർക്കും
നിരാലംബസ്വപ്നങ്ങൾ നുകർന്നിടും
വെൺമണൽത്തരിയിലോ,
പൂവിന്റെ ശ്വാസത്തിലോ,
പൂനിലാവിലോ, യെന്റെ
നിറയും മിഴിയിലോ, ചുണ്ടിലോ,
അതോ രാഗം
വായ്ക്കുമീ കരളിന്റെ മൊട്ടിലോ തേടേണ്ടു ഞാൻ?

— 2 —

## നീയില്ലെങ്കിൽ

ഓമനേ, വിഷാദാർദ്രമാണ് മൽജീവൻ
പ്രേമസാന്ദ്രമ, ല്ലാനന്ദത്തിൻ
കുളിരും പൂന്തെന്നലും
കേറിയിട്ടില്ലെന്നുടെ മനസ്സിൽ,
നടുമുറ്റം ശൂന്യമാണെന്നും,
പൂക്കൾ വിടരാൻ മറന്നിടും.
കണ്ണുനീർപ്പുഴത്തീര-
ത്തലകൾ തല തല്ലി-
ക്കരയും വേരറ്റൊരി-
ക്കാഞ്ഞിരക്കൊമ്പിൽ കാട്ടു-
വള്ളിയിൽ നിദ്രാശൂന്യം
രാത്രിയിൽ നീറും മിന്നാ-
മിന്നുപോലിരിപ്പു ഞാൻ.
ഒഴുകും നിലാവിന്റെ നൂലുകൾ,
വിടർന്ന നീൾമിഴികൾ പാളിച്ചുകൊ-
ണ്ടപ്സരസ്സുകൾ,
ദേവദാരുവിൻ ചുവട്ടിലെ
ഭാവതാരള്യം പൂണ്ട ജ്വാലകൾ,
വിലാസിനീലതകൾ രാഗോഷ്മളം
പുൽകുവാൻ കൊതിക്കു, മെന്നാകിലും
തരില്ല ഞാ, നെന്നിലെ താളം ലയം
അർദ്ധമീലിതമെന്റെ മിഴിയിലുറങ്ങട്ടെ!

ഏതു വൻകാട്ടിൽ-പുണ്യസാഗരോദരത്തിലോ?-
ബിന്ദുവായ് മുളച്ചണിമുത്തായി

പരുത്ത വെൺചിപ്പിയിൽ തപസ്സി-
രുന്നെന്റെ കൺമിഴികളിലുജ്ജ്വല-
പ്രകാശമായനന്താനന്ദം തേങ്ങി-
യുലഞ്ഞു; നീയാം സ്വപ്നമുതിർന്നു?-
കൊഞ്ചിക്കളമൊഴിയിൽ പാടീടുകെ-
ന്നോമനേ നീയെപ്പൊഴും.
നീലവാനിടത്തിലെത്താരത്തിൽ വിരിഞ്ഞീടു-
മായിരമിതൾ നീർത്തും താമരപ്പൂവിൻതാഴെ
രാജഹംസങ്ങൾ മണിക്കൊക്കുകൾ തമ്മിൽത്തമ്മി-
ലുരുമ്മീ പ്രേമാമൃതമന്ത്രണം നുകരുമ്പോൾ
അല്പമെൻ കാതിൽ കാറ്റേ പകരൂ,
ഹർഷോന്മാദം പാടിടും വെൺമേഘമായ്
ഹേമശൈലത്തിൻചുറ്റും.

നീയലിഞ്ഞീടുന്നെന്റെ പ്രാണനിൽ,
ഞാനോ നിന്റെ സത്തയിൽ
സ്വപ്നംപോലെ, യാതിരക്കുളിർപോലെ
ഒഴുകുന്നൊഴുകാതേ-
യുറങ്ങുന്നുറങ്ങാതേ,
മുന്തിരിച്ചാറോ മുത്തേ
നീയെനിക്കേകീടുന്നു?
താരകേ, രാജാങ്കണനൃത്തവേദിയിൽ മാത്രം
കാൽച്ചിലമ്പിളക്കാതെയെന്നിലേയ്ക്കൊഴുകില്ലേ?
ദേവീ, നിൻ നേദ്യം നുണഞ്ഞെന്റെ മോഹത്തിൻ
ദാഹഭൂമിയിൽ വർഷർത്തുവിന്നമൃതം തളിക്കില്ലേ?
പ്രേമമാണെന്നോ,
പ്രേമവ്യഥയാണെന്നോ,
വിരഹാത്മനിർവൃതിയെന്നോ-
യെന്തുമേ വിളിച്ചീടാം;
വിശ്വമാണെങ്കിൽ, നീയില്ലെങ്കിലോ ശൂന്യം, സാന്ദ്ര-
നീലിമയില്ലാ, രാഗച്ഛവിയില്ലാത്മാനന്ദം
നിറയില്ലെന്നിൽ, താളമേളമില്ലെന്നിൽ,
രാഗവീണയില്ലെന്നിൽ, വിരൽത്തുമ്പിലീമരണവും
പേറി ഞാനാത്മാവില്ലാതെത്രമേലലയണം!

— 3 —

## ധ്യാനം

കാറ്റും കോളുമുറങ്ങിയ വേള
നിശാന്ത്യത്തിൽ ഞാനൊരു ചെറുതിരയെ
ധ്യാനിക്കുന്നു! … ശിരസ്സിൽ വെൺപൂ
നര ചിന്നിച്ചു കടന്നുവരുന്നൊരു
നെടുവീർപ്പലയെ ധ്യാനിക്കുന്നു!

പടുതിരി കത്തിയ രാവിൻ കുത്തു-
വിളക്കും തീരെക്കെട്ടു, പകലിൻ
പുതുമോടികളുടെ വരവായെന്നിൽ
നിദ്ര നിറംമാഞ്ഞകലുന്നു.
തീർത്ഥാടകരാം ഘനഭിക്ഷുക്കടെ
പിടിവിട്ടാകെയുടഞ്ഞൊരു കലശം
തീർത്ഥം നല്കിയ വാർദ്ധക്യത്തി-
ന്നന്ത്യശ്വാസം പടരുന്നു
വീണ്ടുമൊരേയൊരു മോഹം പൂണ്ടു
പുനർജ്ജനി തേടിപ്പിടയുന്നു.
മുൾമുനച്ചൂണ്ടിക്കാവൽ നിൽക്കും
നഗരം കെട്ടിയ വേലിക്കുള്ളിൽ
ചിറകു നനഞ്ഞു കിതച്ചുംകൊണ്ടെൻ
ദിവസം തേങ്ങിയിരിക്കുമ്പോൾ
ഈറൻവാഴക്കുമ്പുണരുമ്പോൾ
ചാരത്തുണ്ടൊരു നിശ്വാസം,
ഒരു വിധുരോഷ്മളചലനം! മങ്ങിയ
ചില്ലിൽത്തെളിയുന്നമൃതത്വം,
അതിമർദ്ദം പൂണ്ടൊഴുകും രുധിര-

പ്രേരണകൊണ്ടു കിതയ്ക്കുന്നു
ആളില്ലാത്ത ഗൃഹത്തിലിരുട്ടിൻ
ചിരി കാണാതെ നടക്കുന്നു,
ചിറകുമുളയ്ക്കെ കാട്ടും തേടി-
യിളംകിളി പാറിയകന്നപ്പോൾ
രാവിൻപൂവും പകലിൻപൂവും
നെടുവീർപ്പിഴയിൽ കോർക്കുന്നു.
ആ മിഴിവക്കിലൊതുക്കം കിട്ടാ-
തുതിരും ബാഷ്പം പൊള്ളുന്നു,
ചുടുകാറ്റായിക്കടലും താണ്ടി
പ്പുണരാനാർത്തമടുക്കുന്നു...
ആർദ്രതകിനിയും മിഴിയിണ
മധുരിമ വെണ്മപുരട്ടുന്നധരപുടം
സാത്വികതേജസ്സൊഴുകിദ്യോവിൻ
പുഞ്ചിരിപതയും മൂർദ്ധാവും...
തെളിമയിലമ്മയുണർന്നു മനസ്സിൽ
കണ്ണീരൊപ്പുകയാണല്ലോ!
പട്ടണവീഥികളൊന്നിച്ചാർത്തു
കുതിച്ചുകടന്നെൻ കൈത്തലമേന്താൻ
വെൺകളിപൂശിയ കുഴിമാടം വി-
ട്ടോടിവരുന്നു ശൈശവമരികിൽ,
(എന്തൊരുഹൃദ്യതയീമകരന്ദ-
സ്മൃതിയൊരു താരാട്ടാണല്ലോ
കരുതിയ കൈതപ്പൂവിൻ ഗന്ധം
പോലെന്നുള്ളിലിരുപ്പല്ലോ!)
കാലിക്കോലും മുരളിയുമായി
ക്കാടകമൊക്കെയലഞ്ഞിട്ടൊടുവിൽ
തളരും കുഞ്ഞിത്തനുവോടിടവഴി
കേറീട്ടമ്പലവാതിൽ തുറപ്പൂ...
തുളസിത്തറയിൽ കുമ്പും കൈയിൻ
ചുളിവിൽകയറും കാലത്തിൻ
ഗൗളിചിലയ്ക്കുന്നുണ്ടോ?-മരണം
കരിയിലമാറ്റി നടക്കുന്നോ?-
ശിശിരം തുന്നിയ മഞ്ഞിൻതൊപ്പി-
യെടുത്തഭിവാദ്യം ചൊല്ലുന്നോ?

ഇരുളിൽ ഗോപുരവാതിലിനപ്പുറ-

മോമൽച്ചിറകം പൂട്ടിയിരിക്കു-
മുഷസ്സിനെ മുട്ടിവിളിച്ചുനടക്കും
സ്വപ്നാടകനാം കാറ്റിൻ കണ്ണീർ
മഞ്ഞണിവയലിൻ മീതെ വിഷാദ-
ച്ഛായപടർത്തി, കുന്നിൻ ചെരിവിൽ
ചെന്താർമൊട്ടു തുടുക്കുന്നോ?
വെള്ളപ്പൂങ്കുല തല്ലിയുടയ്ക്കും
പുഴയും, പുഴയുടെയരുകിൽ പീലി
വിടർത്തിച്ചാഞ്ചാടീടും കരയും
ഋതുഭേദത്തിൻ നാദം കേട്ടു
ചെവിപാർക്കും ചെറു പൈങ്കിളിയും
എന്നെ വിളിച്ചു കുതിക്കുന്നോ?-
“സമയം പോയി, തിരിച്ചു വരൂ നിൻ
താരാട്ടൊരുമൊഴി കേൾക്കണ്ടേ?”
പാരാവാരം പോലെ തമസ്സിൽ
കാളിമപടരും പലവഴികൾ
ഇരുവശമോരോ ദീപം, ഏതിൽ
തിരിയിട്ടെണ്ണയൊഴിക്കും ഞാൻ?
ദുഃഖം നൂപുരമിട്ടുകിലുക്കി-
ട്ടരയിൽച്ചുറ്റിക്കരയുമ്പോൾ
ധ്യാനിക്കുന്ന മനസ്സിൻ വമ്പുക-
ളൊക്കെയൊതുക്കിക്കുഞ്ഞായീ!

— 4 —

# കരിങ്കിളി

കറുത്ത കിളിയാരെന്നറിവീലെനിക്കെന്റെ
മേനിയിൽ വിഷാണുപോൽ
പടരാൻ കൊതിക്കുമീ കറുത്ത കിളി-
യാരെന്നറിവീലെനിക്കയ്യോ!
ഓർത്തിരിക്കാതെന്നിലെപ്പുളകം
പൂത്താലത്തിലായിരം കതിരുപോൽ
ഒന്നായിവിടരുമ്പോൾ,
കാർമുകിൽ പോലെന്നുടെ കണ്ണിനെച്ചുറ്റി-
ക്കാലിൽ ബന്ധനം നടത്തുമീ
കറുത്ത കിളിയാരെന്നറിവീലെനിക്കയ്യോ!
വിളക്കിൽ മിന്നിക്കത്തും
നാളമോ പുകച്ചുരുൾ!-
തുളുമ്പും മനസ്സിലെ-
പ്പൊയ്കയോ കരിങ്കടൽ!
തളരുന്നല്ലോ കൂർത്ത നഖരം നീട്ടി,
കെട്ടിപ്പുണരാൻ വെമ്പും കരി-
ങ്കിളിയെക്കാണുന്നേരം!
എന്നു നീ വന്നെന്നഴിവാതിലിൽ മുഖം ചേർത്തു
രക്തരൂക്ഷമാം വട്ടക്കണ്ണുകൾ ചാട്ടീ,
നീണ്ട ചുണ്ടുകൾ നനച്ചു രാ-
വൊക്കെയും കാവൽ നിന്നു,
അന്നുതൊട്ടല്ലോയെന്റെ കരളിൻ മാമ്പൂവിലെ
പുഴുവായ്, പാപാഗ്നിയായ്
എന്നെ നീ ഗ്രസിച്ചതും.

ഇളകിക്കിതയ്ക്കുമെൻ ചില്ലയിൽ,
പൂവില്ലാത്ത കൊമ്പിളിൽ, വൃഥാ നിന്റെ
മോഹത്തെക്കുടിവെച്ചി-
ട്ടെന്തു കിട്ടുവാൻ കിളീ?
കോർത്ത വൻനഖങ്ങൾ നീ-
യിളക്കി നീക്കു, യെന്റെ
പ്രാണനിശ്വാസത്തിലെച്ചോരതൻ മണം പറ്റി
ക്കുതിക്കും കറുത്തനിൻ
തുവലൊന്നകറ്റു നീ
ഒന്നു ഞാൻ കണ്ടോട്ടെന്റെ
നീലവാനവും, നീറും
പാതിരാപ്പൂവും, ദീപ്ത-
സന്ധ്യയിൽ മുഖം ചോന്ന
ഭൂമിയും പൂക്കാലവും.
മുറ്റത്തു തേന്മാവൊക്കെ പൂത്തുവോ?
ഇളംകുയിൽ പാടിയോ? - കാറ്റിൽ
പ്രേമസൗരഭം പരന്നുവോ?
ശരത്തോ, വസന്തമോ?
ഗ്രീഷ്മമോ, ഹേമന്തമോ?-
ഏതു പൊൻകുടയ്ക്കുള്ളിൽ
കാലമിങ്ങെഴുന്നള്ളീ?
മഞ്ഞുകാലവും, മണൽ-
ക്കാറ്റുമീ തീരത്തെത്തി
'നശ്വരം, കുഞ്ഞേ സുഖ'-
മെന്നു ചൊല്ലുമ്പോഴല്ലോ.
കിളി നീയെത്തീ കോടമഞ്ഞുപോൽ മയക്കത്തിൽ
സ്വർണ്ണരേണുക്കൾ കരി-
ഞ്ഞുഴകും പൂവിൻ പിന്നി-
ലൂഴറും വികമ്പിത-
ലോലപല്ലവം നുള്ളി.
പോയി പോൽ ചിരിക്കാതെ,
കണ്ണുനീർ തുടയ്ക്കാതെ,
സ്നേഹമൊക്കെയും തന്നു
ദാഹത്തെ വളർത്തിയോർ!
അകലെപ്പേടിച്ചെന്റെ-
യന്തരാത്മാവിൽ വിങ്ങ-

മഗ്നിശൈലത്തിൻ മുഖ-
ത്തുറ്റുനോക്കിയും ദല-
മർമ്മരം ശേഷിക്കുമെൻ
ചുണ്ടുകൾ നനയ്ക്കുവാ-
നോർമ്മകൾ തരംഗമായ്, ഗംഗയായ് വരുന്നതും
കണ്ടു കണ്ണിമയ്ക്കാതെ
നിദ്ര തന്നൊറ്റക്കാലിൽ
നിൽക്കയാണിളംനീലപ്പൂവുമായ് കരങ്ങളിൽ
ശൂന്യമായ് ഗൃഹം,
നിഴൽപ്പാടുകൾ നിശ്ശങ്കമീ
കാട്ടുപൊന്തയിൽ വിഷജ്വാലകൾ പടർത്തുന്നു,
മൃതിയെപ്പൂജിക്കുന്ന രക്തരക്ഷസ്സേ-
യരനിമിഷം തരില്ലയോ
ശ്വാസമൊന്നുണർന്നീടാൻ?
എന്റെ മാർഗ്ഗത്തിൽ മോഹതാരകം
കരിഞ്ഞു വെൺചാമ്പലായ്, മേഘം
മോക്ഷജാലകം തുറക്കില്ലാ...
ഇല്ലെനിക്കില്ലാ തെല്ലുനേരമീ
ഭയാനക ചുംബനം ചുണ്ടിൽ
കനൽക്കട്ടയായുടഞ്ഞീടും!
മണ്ണിനെ പ്രേമിച്ച ഞാ-
നവസാനമായ് കണ്ണീർ-
ത്തുള്ളിയൊന്നർപ്പിക്കട്ടേ,
മാറി നിൽക്കു നീ കിളീ!
എന്തു നീയറിഞ്ഞെന്റെ യാതന!
എന്നാത്മാവിലുരുകിപ്പിടിക്കുമീ വേദന!
മുഖം കൂർത്ത കുന്തമൊന്നെടുത്തു നീ
നീക്കുമോ കരിങ്കിളീ?

— 5 —

# കൂട്ടിലേയ്ക്ക്

വിണ്ടുപൊട്ടി മുഖം കോടിയ കായ്കൾ
തികച്ചൊരു പൂവില്ലിലയില്ല, പാഴ്മരം
ചത്ത കാട്ടാറിൻ കടവത്തു മുൾക്കാടി-
നസ്ഥികൾ തീർത്ത വൻകോട്ട!-എതോ വഴി?
വേഴാമ്പലാണു ഞാൻ, പൊള്ളുമീ മഞ്ഞ
വെയിൽപ്പാളി തുള്ളുന്ന താഴ്വര താണ്ടുന്നു.
ഹേമാഭിഷിക്തം മിനുങ്ങുന്നു മാമല,
മോളിൽ വിടർന്നനങ്ങാത്ത വെൺചാമരം,
ഇല്ല. തെളിക്കുവാനില്ലാപനിനീരു...
പോയിട്ടൊരീറൻ തരിപ്പുണ്ട കാറ്റുപോൽ!
ഓർത്താൽ കുളിർപോലുരുമ്മിപ്പതയുന്ന
കായലോരങ്ങളിൽ വേലിയേറ്റം പോലെ
ഏതോ ക്ഷണികവികാരമഥിതതരംഗവ്യൂഹങ്ങളായ്
വെള്ളിവെയിൽത്തപ്തജ്ജ്വാലാസമൂഹമൊ-
ത്താളുന്നു വീണ്ടും ചിതൽതിന്ന ചിന്തകൾ,
മോതിരപ്പാടു മാഞ്ഞപ്പൊഴും തേങ്ങു-
മണിവിരൽ പൊട്ടിക്കരഞ്ഞിടുന്നു
സന്ദേശനൂപുരക്വാണം മയങ്ങിടും
താമരത്താളുകൾ കീറിടുന്നൂ...
കുന്നിറങ്ങി, ക്കൊടുംചൂടുറങ്ങീ, യന്തി-
പ്പൂക്കളും നോക്കും വനം കടന്നൂ
പിന്നിൽ പടർന്ന നിശ്വാസത്തിലെന്നിടം
കാലുടക്കീ, ചിന്ത കാടു കേറി.
താഴെ വീണാകെച്ചിതറും കരിമഷി-

ക്കുപ്പിപോലെങ്ങോയിരുൾത്തുമ്പി തേങ്ങി-
പ്പുതുക്കെച്ചിറകു വിടർത്തീ,
പൂവിതളെണ്ണാൻ കൊതിക്കുന്നു ഞാൻ,
നീണ്ടരാത്രി കരിഞ്ഞുമെലിഞ്ഞ തൻ ചുണ്ടുപിളർത്തി

ആത്മവിലാപമാ, യുന്മാദ മൂർച്ഛയാ-
യൂർന്നകാറ്റെന്നെപ്പൊതിഞ്ഞൂ.
ഇല്ലേ, തളിക്കുവാനില്ലേ പനിനീരു
പോയിട്ടൊരീറൻ തരിപ്പുണ്ട കാറ്റുപോൽ?
പോരൂ, ചെറുകുട്ടിലാകെച്ചുവന്ന കുളിരിൽ
കുനിഞ്ഞിരുന്നെങ്ങോ മറന്നനിൻ
വിങ്ങും വിഷാദരേണുക്കൾ വിയർത്തൊട്ടി
മാഞ്ഞ മന്ദസ്മിതം തേടാം.
ചെമ്മണ്ണുതുപ്പുമിപ്പാതയിടംപോര,
മെല്ലെ നടക്കൂ, യിരുൾക്കീറുപോലെന്റെ
കൈകളിൽ ചുറ്റിപ്പിടിക്കൂ.
വേണ്ട, കതിരറ്റപാടങ്ങൾ, വറ്റിച്ചെളി-
യിലമർന്ന പൊൻതാമര ചീഞ്ഞ കളങ്ങൾ
വേണ്ട, നോക്കേണ്ട-

നിലാവുപണ്ടീ വഴി പോയപോക്കൽപം
നന്ദത്തവെൺപൂഴീ, യിതാണു ഞാനെന്നു
മൊളിച്ചുവെച്ചുള്ളൊരെൻ രഥ്യ!
വേണ്ട പാഥേയ, മിലക്കീറുപോലു, മെൻ
കൂട്ടിൽ വിളക്കുണ്ടു കൂട്ടായ്,
ചോരക്കളിരും നുകർന്നു നിശതന്റെ
യാമങ്ങളെണ്ണാതുറങ്ങാം.

— 6 —

## പ്രേമഭിക്ഷ

തീരമേ, തരൂ പ്രേമ-
ഭിക്ഷയെൻ കവിളിലെ-
ക്കണ്ണുനീരൊപ്പാൻ, വാരി-
പ്പുണരാൻ വരില്ലയോ?
എത്രയായ്  യുഗം നീല-
സാഗരം ഞാനക്ഷീണ-
ഹൃദയം പേറീ നിന്റെ
തൃപ്പദം തഴുകുന്നൂ!
പെറ്റുവീണപ്പോൾത്തൊട്ടു
കരയാൻ പഠിച്ചു, രാ-
പ്പകലെന്നിയേ കണ്ണീർ
തുടച്ചും വിതുമ്പിയും.
ഒരുനാൾപോലും നിന്റെ
രാഗലോലമാം ബാഹു-
വലയം നീങ്ങില്ലെന്റെ
മിഴിനീർ തുടയ്ക്കുവാൻ.
താരകൾ നിശാഗന്ധി-
പ്പൂക്കളെ പ്രേമിക്കുമ്പോൾ,
താരണി മുഖം താഴ്ത്തി-
സ്സന്ധ്യകൾ നാണിക്കുമ്പോൾ,
നിഴലും നിലാവുമാ-
യിണചേർന്നിടും രാവിൽ
നിറയെ പ്രതീക്ഷയോ-
ടങ്ങയെക്കാത്തീ തിര-

കൈക്കെകളാൽ മുഖം മറ-
ച്ചെത്ര നാളിരുന്നു ഞാൻ!
ഉറക്കം പിണങ്ങിയെൻ
രാവുകൾ കൊഴിഞ്ഞു, പൊൻ-
ചെപ്പുകൾ തുറന്നോർമ്മ-
ത്തരികൾ പെറുക്കിയും
കരഞ്ഞും കണ്ണീർവീണ
മെത്തയിൽക്കമഴ്ന്നുവീ-
ണുരുണ്ടും ദയവിട്ട
കാലത്തെയിടംകണ്ണാൽ
നോക്കിയും ഹതാശയായ്,
ഭ്രാന്തിയായ് മാറുന്നു ഞാൻ.
താടിയിൽ നരകേറി-
ച്ചുളിയും മുഖംകുനി-
ച്ചിനിയും പാളിപ്പാളി
നോക്കുമീ വൃദ്ധാകാശം
രാത്രിയിൽ തിളങ്ങുന്ന
മിഴികൊണ്ടെന്നെച്ചൂഴ്ന്നു
കരയിക്കുന്നു; നിന്നെ-
യല്പനെന്നോതീടുന്നു;
ഇടറിത്തെറിക്കുമെൻ
നെഞ്ചിലും, രുധിരാഗ്നി-
ജ്വാലകൾ പടർന്നേറും
പവിഴാധാരത്തിലും
ബലമായ് പിടിച്ചുമ്മ
വെയ്ക്കുവാൻ കരിമ്പട-
ച്ചിറകിൽ കൊടുങ്കാറ്റായ്
ദാഹമായലയുന്നു.
വിറയാർന്നവിടുത്തെ
മേനിയിൽച്ചുറ്റിത്തേങ്ങി-
പ്പുണർന്നുമീറൻമിഴി-
ക്കോണുകളടയ്ക്കുമ്പോൾ
പിന്നെയും ഭവാൻതട്ടി-
യെറിയും നൂനം, പ്രേമ-
ഭാവനയ്ക്കതീതനാ-
യങ്ങു നിശ്ചലൻ ദൂരെ!

ശചിയെത്താലോലിക്കു-
മിന്ദ്രനെപ്പോലെ, പ്രിയ
ഗംഗയെശ്ശിരസ്സേറ്റും
സ്മരവൈരിയെപ്പോലെ
വേണ്ട, യെന്നൊരിക്കലെൻ
കൺകളിൽ നോക്കീ, നെഞ്ചി-
ലൊതുക്കീ മൂർദ്ധാവിലാ
മുഖമൊന്നണച്ചെങ്കിൽ...?
ഏതു ജന്മത്തിന്നഭി-
ശാപവും പേറീ, മോക്ഷ-
സാഫല്യമില്ലാതുഴ-
ന്നീടുന്നു ഞാനെന്നുമേ.
അക്ഷമം ഹൃദന്തമെൻ
പ്രാണനിൽ മൊട്ടിട്ടൊരീ
പ്രേമമോ പ്രപഞ്ചാതി-
വർത്തിയായ് വളരുന്നു.
ഒരു ശർമ്മിഷ്ഠക്കാത്മ-
സൗരഭം നൽകാൻ ദിവ്യ-
മധുരോഷ്മളപ്രേമ-
മൂർത്തിയാം യയാതിയായ്
വരിക, വിരഹാഗ്നി-
ജ്ജ്വാലയിൽക്കരിയുമീ
ഹരിചന്ദനം വാരി
വാരി നീയണിഞ്ഞാലും!

— 7 —

# യാത്ര

എവിടേയ്ക്കാണീ യാനം, പ്രിയ നീ
എവിടേയ്ക്കെന്നെ നയിക്കുന്നു?
ഒരു കാട്ടാറുണ്ടകലേ, മൃദുജല-
മർമ്മരമൊഴുകുന്നെന്നോ?
ദാഹം തീർക്കാമുടനെ, പ്പിന്നെ-
യിരുട്ടുംമുമ്പു തിരിക്കാമെന്നോ?
ദാഹം തീരുവതല്ലാ തീർത്താ-
ലറിയുന്നില്ലതു നീയും!
വഴിയൊഴുകിപ്പല പെരുവഴിയാകു-
ന്നൊടുവിൽ തീമല കയറുന്നു നാം
അകലെക്കടലിൻ ഗർജ്ജന, മരികിൽ
കണ്ണിൽ കനലൊളി പകരും വേനൽ,
പിറകിൽ പത്തിവിടർത്തിയിരിക്കും
വിഷസർപ്പങ്ങൾ ചമച്ചൊരു വ്യൂഹം,
എവിടേയ്ക്കാണീ യാനം, പ്രിയ നീ
എവിടേയ്ക്കെന്നെ നയിക്കുന്നു?
നിന്റെ കടിഞ്ഞാൺ മുറുകിയ കൈത്തല-
മിളകിക്കലിയവതാരം ചെയ്കേ
ദ്രുതതരമെന്നെ വഹിച്ചു കുതിക്കുവ-
തെങ്ങോട്ടാണീക്കുതിര?
ദുർബ്ബലമായൊരു മേനി,
കെട്ടു തകർക്കാൻവെമ്പും പ്രാണൻ,
നിറമില്ലാത്തൊരു ചിത്രം,
ശൂന്യത കുടിപാർക്കുന്ന ഹൃദന്തം!

(കണ്ടിട്ടുണ്ടോയിതുപോൽ വേറൊരു നിഴൽ നീ?
കേട്ടിട്ടുണ്ടോയിതുപോൽ വേറൊരു തേങ്ങൽ?)
ഈ വഴിയരികിൽ ചിതകളിലൊന്നി-
ലെറിഞ്ഞു തിരിക്കു വേഗം...
ജൃംഭിത വീര്യ പുനർനിർമ്മിതമാം
യുവസിര തുള്ളിപ്പുളയും
പ്രതികാരോർജ്ജിത ഭീതിദ ഭാവം
പ്രിയ, നീ മാറ്റുകയില്ലേ?
ആരോടാരോടെന്തിനു വേണ്ടി
പൊരുതി മരിപ്പാൻ നിൽപ്പൂ?
വെട്ടിയപ്രേമപ്പാഴ്മരമൊന്നിൻ
വേരുകിളപ്പതു മൗഢ്യം!
സ്നേഹോൽക്കണ്ഠകൾ വിങ്ങും പഴയ,
തുടുത്ത പ്രഭാതമുദിക്കും
സ്നിഗ്ദ്ധമൃണാളമൃദുസ്മേരാർദ്രം
മുഖദർശനമെൻ സൗഖ്യം;
പക്ഷേ, കാലം പോയീ, നവമൊരു
ജീവിതഭാരം പേറാൻ
വയ്യാ, ശവമഞ്ചത്തിൽ മുൻപദ-
മൂന്നിക്കുനിയുകയല്ലോ...
ഇപ്പരിതോഷം താങ്ങാനാകാ-
താകെവിമൂർച്ഛയിലാട്ടും
സുരപഥരഥതാളങ്ങളിൽ മന്ത്ര-
ച്ചരടു മുറുക്കിയഹൃദയം.
മരുഭൂമികളുടെയാതപമൊക്കെ-
ച്ചോർത്തിയെടുത്തൊരു ചിത്തം
തരളവികാരച്ചെറുപുൽക്കൊടിയുടെ
ചുണ്ടിൽ ചുടുകാറ്റൂതും.
തീരെ നിരർത്ഥകമാക്കാൻ ജീവിത-
മൊന്നേ നമ്മൾക്കുള്ളൂ.
ചുട്ടുപഴുത്തശിലാതലമാണെൻ
ചേതന, തൊട്ടാൽപൊള്ളും.
വിണ്ടുകഴിഞ്ഞ വരമ്പിൽ കാൽവെ-
ച്ചണയും പ്രിയനാം പഥികാ,
ഏതൊരു മിഥ്യ വിളിച്ചു നയിച്ചെ-
ന്നരികിലണച്ചൂ നിന്നെ?...

കണ്ണുതുറന്നതു കമനീയാകൃതി
പൂണ്ടൊരു പൗർണ്ണമിരാവിൽ,
ഇരുളിന്നന്തഃപുരവാതിലുകൾ
കൊട്ടിയടച്ചൊരുരാവിൽ.
പൂവിടരുന്നത്, കിളിപാടുന്നത്,
കാറ്റുണരുന്നത്, നിഴലുലയുന്നത്,
നദിയൊഴുകുന്നതിലെല്ലാമെല്ലാം
ഇടറാതുതിരും ഗാനലയത്തി-
ലലിഞ്ഞെൻ ലഹരിയുണർന്നു.
അറിയാതുള്ള കിനാക്കളിലെല്ലാം
ചിറകു മുളച്ചു വിടർന്നു
മഞ്ഞുപൊഴിഞ്ഞു, കുളിരലയാലെൻ
കരളു നിറഞ്ഞു കവിഞ്ഞു.
സുഖജീവിതരഥനിസ്വനമായി-
ച്ചിരിയൊന്നെന്നിലുതിർന്നു...

എവിടെന്നെവിടെന്നറിയാതോമന-
നിദ്രയ്ക്കടിയിൽ നിന്നോ,
പകലിൻ ലഹരി പുണർന്നു വിടർന്ന
ദിവാസ്വപ്നങ്ങളിൽ നിന്നോ,
അയൽപക്കത്തെച്ചെറുമുറ്റത്തെ-
പ്പനിനീരലരതിൽനിന്നോ?
നീർമരുതിൻ പൂക്കുടകൾ മറിയും
ആറ്റിൻകരയിൽ നിന്നോ
എവിടന്നോടിയടുത്തു നിന്നുടെ
സുഖദമനോഹരരൂപം?
മധുരം പ്രേമം! പ്രേമം, ശാശ്വത-
മെന്നു പുകഴ്ത്താൻ വെമ്പി
ചുറ്റിപ്പിണിയും വഴികളിലെല്ലാം
കാറ്റായോടിയലഞ്ഞു.
അരികിൽച്ചൂളമരങ്ങൾ ചുണ്ടിൽ
വിരൽവെച്ചരിശം പൂണ്ടു,
പറവകൾ നമ്മൾ-കൊച്ചുപുഴക്കൾ!
പാടവരമ്പിലിഴഞ്ഞു,
നീണ്ടുപരന്നുകിടക്കും ഭൂമിയി-
ലഭയം തേടിയലഞ്ഞു.

പൊയ്കയിലോളപ്പാളികൾ ചിന്നീ,
കരിയിലപറ്റിയെറുമ്പായ് നീന്തി,
കാതരമിഴിയോടിളകാൻ പേടി, -
ച്ചിമപൂട്ടാതെയിരുന്നു...
മുറ്റത്തിരവുകൾ, കരിതേ-
ച്ചെന്നുടെ നീലാകാശം മങ്ങി,
കാലം നൽകിയ മധുപാത്രത്തിൽ
കരിവിഷമൊന്നേ തങ്ങി,
വിടപറയും ചുടുചോരയ്ക്കൊപ്പം
കണ്ണീർകണങ്ങൾ വറ്റി...

വന്നതു നീയാണെന്നറിയാതെ-
യുറക്കം തൂങ്ങിയ മിഴികളുമായി-
ട്ടെന്തോ ചൊല്ലി, പ്പകരം നീയതി-
നെന്നെ ചേർത്തു പുണർന്നു.
കാൽവരിയാണിതു കണ്ടില്ലേ നീ?
കുരിശുകൾ തീർന്നില്ലിനിയും
മുള്ളാണികളുടെ കൊയ്ത്തുനിലങ്ങൾ
വിളഞ്ഞു കിടപ്പൂ ചുറ്റും.

— 8 —

## മാവും കിളിയും

പൈങ്കിളീ മനസ്സിലെയിത്തിരിപ്പഴം വിട്ടു
പൊൻത്തുവലുലച്ചെന്റെ വിളക്കും കെടുത്തി നീ
പോകയോ, മമോല്ലാസരാവിലെൻ രാഗോഷ്മള-
സ്വപ്നങ്ങൾ വിരിച്ച പൂമെത്തയിൽ മയങ്ങാതെ?

ആറ്റവക്കത്തെക്കണിക്കൊന്നകൾതോറും സാന്ധ്യ
രശ്മികൾ ഘനീഭവിച്ചായിരം വസന്തങ്ങൾ
വിടർന്നൂ, മഴവില്ലിനുള്ളിൽ നിൻമുഖം കണ്ടു
നെടുവീർപ്പിട്ടേനിന്നു ഞാനുമെൻ മോഹങ്ങളും!

ആണ്ടിലെപ്പൂത്തൻകട നിവർത്തീ, മാനം
തേടി നടന്നൂ വിഷുക്കിളി മുരളീരവമോടെ,
വിളിച്ചൂ മുകിൽ വീശിക്കാമുകവ്രജങ്ങളെ
ചിരിച്ചൂ ലജ്ജാരുണ ദീപ്തിയാർന്നുദയങ്ങൾ

ഈ വഴിക്കാരൊക്കയോ വന്നുപോയിടം നല്കാ-
നില്ലെനിക്കെന്നോതവേ നീരസം പിരിഞ്ഞുപോയ്,
അവ്യക്ത, നരൂപിയായെന്റെ ചുറ്റിലും നിന്റെ
മാസ്മരപർണ്ണങ്ങളംശുവീചികൾ ചിന്തി.

നീ വന്നുചേരുംവരെ പൂക്കുവാൻ കൊതിച്ചീല,
നീ വന്നുചേരുംവരെ കായ്ക്കുവാൻ കൊതിച്ചീല,
നിന്റെ ലാളനം കൊണ്ടേ, നിന്റെ ചുംബനംകൊണ്ടേ
വിടർന്നീടാവൂ മമമോഹങ്ങളെന്നേചൊല്ലീ.

ആതിരക്കാറ്റും കൊടുമാരിയും വന്നെൻചിത്ര-
മുടച്ചൂ, നിരാലംബസ്വപ്നങ്ങൾ നിറച്ചു ഞാ-

നെൻ കരൾച്ചെപ്പിൽ-വരും, നീയൊരിക്കലീതണൽ
പറ്റിയെൻ രാഗത്തുടി, പ്പേറിടും മധുവുണ്ണാൻ!

കണ്ടു ഞാൻ കാളിന്ദിയിലൂർമ്മികൾ നുരകുത്തി-
യദ്രിപോലുയർന്നു മേലംബരം പൂക്കുന്നതും,
പൂത്തപൊൻകടമ്പിന്റെ താഴെയായനുരാഗ-
വിവശം മരംചാരി രാധിക കേഴുന്നതും.

കണ്ടു ഞാനിരുണ്ടവൻ കാർമുകിൽ തണുത്തകാ-
റ്റേറി വന്നലിഞ്ഞു തീ മാമല കുളിർന്നതും,
രോമഹർഷങ്ങൾ മേനി നിറയെ പടർന്നുവിൺ-
ഗംഗയായതും വനം, താരുകൾ പിറന്നതും.

പൂക്കളെക്കിനാവുകണ്ടന്തിയിൽ ഞെട്ടും തളി-
രിലയിൽ കാറ്റിൻ ലോലമർമ്മരം കേട്ടീടവേ
കാത്തിരുന്നതാം നിന്റെ സൗവർണ്ണരഥം വന്നെ-
ന്നോർത്തു ഞാൻ മറന്നിട്ട വീണയിൽ വിരൽചേർത്തു.

വന്നതോ, നിലാവില്ലാ രാത്രിയിൽ ഘനശ്യാമ-
മേഘങ്ങളെന്നെപ്പോലെവിങ്ങിനിന്നിടും നേരം!
തുളസിപ്പൂവും പനിനീരുമില്ലല്ലോ കയ്യിൽ,
കളഭക്കൂട്ടോ പട്ടുമെത്തയോ കരുതീല!

ഉണ്ണികൾ വിഷുക്കണി വെക്കുവാൻ കൊതിച്ചതാം
എന്മനസ്സിലെ നറുംതേൻപഴം വിരുന്നൂട്ടാൻ
ഈയിലക്കുമ്പിൾകോട്ടുംമുമ്പു നീയെന്തേയെന്റെ
ഗേഹവും വിട്ടേകാന്ത മേഘമാലയിൽ മാഞ്ഞു?

— 9 —

## താളഭംഗം

എന്നോ ഒരു പാതിര രാവി-
ലിരുൾക്കറപറ്റിയ കണ്ണിൽ വെറുതെ-
യൊഴുക്കും താളവുമില്ലാത്തൊരു ചെറു-
ശിഥില സ്വപ്നം ചിരിതൂകുമ്പോൾ,
കണ്ടു-സ്വപ്നം കണ്ടു-നിന്നുടെ
മഞ്ജിയരൂപം, ചിന്നും മിഴികൾ
വിതുമ്പും ചുണ്ടുകൾ, പുളകം ചൂടും
തരളിത ഗാത്ര, മതെന്തൊരു സുന്ദര-
നിമിഷം, പറയാൻ വാക്കുകളില്ലാ!
രാത്രിമരിച്ചു; കരഞ്ഞൂ പൈങ്കിളി
അമ്പലമുറ്റത്തൊരു പിടി കുളിരും
മഞ്ഞും ചൂടിക്കുടകപ്പാലകൾ പൂക്കും നാളിൽ
ഈറനുടുത്തടിവച്ചു കിനാവായ്
കാതരമിഴികൾ പാളിച്ചും, മൺ-
തരികളെയാകെയുഴിഞ്ഞും പുലരി-
ക്കതിരലപോൽ ഞാൻ നടകൊള്ളുമ്പോൾ
കണ്ടു കണ്ണിലൊരിത്തിരി, പിന്നേ
കവിളിൽ നിറയേ, കരളിൽ നിറയേ,
താമരമൊട്ടിതൾ വിടരുമ്പോലെ
താരക കണ്ണുമിഴിക്കുമ്പോലെ
കണ്ടു; പിന്നേ വിദ്യുല്ലതിക-
കൾ പുൽകുമ്പോലെ
കടമിഴിതമ്മിലിടഞ്ഞു കൊരുത്തു;
ഞാനും നീയും മാത്രമതെന്തൊരു

നിമിഷം പറയാൻ വാക്കുകളില്ലാ!
പിന്നെക്കുന്നിൻ ചെരുവിലൊരമ്പിളി
ആരും കാണാതൊളിവിൽ നീരിൽ
പോറ്റി വളർത്തിയൊരാമ്പൽപ്പൂവായ്
നിറയെപ്പൂത്ത വനത്തിൻ കീഴെ-
യിരുട്ടിലൊളിച്ചു കളിക്കുന്നൊരു നാൾ
വെൺകൊറ്റക്കുട നീർത്തിയ, ചെമ്പൊൽ-
പ്പട്ടുകൾ കെട്ടിയൊരരുണാകാശം
തൃപ്പടിയിൽവന്നുദ്ധതനായി-
ക്കവിളിൽ മുത്തംവെച്ചു ചിരിച്ചു,
നൂപുരമൊക്കെത്തല്ലിയുടച്ചെൻ
കാലിൽച്ചങ്ങലയിട്ടു മുറുക്കിയ-
തെന്തൊരു നീറ്റം നിമിഷം
പറയാൻ വാക്കുകളില്ലാ!

— 10 —

# വിരഹസന്ധ്യ

സന്ധ്യയാവുന്നു, വർഷ-
തരുവിൻ ചില്ലത്തുമ്പിൽ
മിന്നലിൻ കിളിയിരുന്നുയലാടുന്നു,
ഹർഷമേഘങ്ങളുലച്ച് വെൺ-
പൂവുകൾ കൊഴിക്കുന്നു...

ആരെയോ കാത്തീ മഞ്ഞിൻ
പടവിൽ, കുന്നിൽ, ശൂന്യ-
രാവിനെത്തനിച്ചാക്കു-
മന്തിവെട്ടത്തിൽ ഞാനും!

യക്ഷന, ല്ലഹല്യ, യ-
ല്ലടിവാരത്തിൽ പൂത്ത
കാട്ടിലെൻ കാൽപ്പാടുക-
ളെണ്ണിയും ശീതക്കാറ്റിൻ
ഗൗരവം മറന്നുമു-
ണ്ടുറ്റവർ നടക്കുന്നു...

സ്വർണ്ണപഞ്ജരത്തിന്റെ
ജീർണ്ണജാലകം തട്ടി-
മാറ്റി ഞാൻ പറന്നേറി
നിൽക്കുമീ ഹിമശൃംഗം
അറിയാ, തതീന്ദ്രിയ-

ധ്യാനനിശ്ചലം നിൽക്കെ
കുഞ്ഞെറുമ്പായിപ്പോയൊ-
രെൻ മിഴി ചുവക്കുന്നു!

അന്തിവാനത്തെപ്പുണ-
ർന്നന്തികത്തെത്തി, ക്കണ്ട
പൂക്കളിലൊക്കെ പ്രേമം
വിതറിക്കുറങ്ങിട്ടും
കാറ്റിതാ ചിരിക്കുന്നു:

'നേരമായില്ലാ, പോകു!
നിൻ കടക്കണ്ണിൻ പുഷ്യ-
രാഗമാണല്ലോ പ്രേമം!'

— 11 —

## കരിയിരുൾ

ഇന്നലെയമ്മയിരുട്ടിൽ മങ്ങിയ
ദീപപ്രഭയിലുറക്കമുണർന്നു കരഞ്ഞു...
ഒരു ചെറുതാരകപോലും
കണ്ണുമിഴിക്കാൻ പേടി-
ച്ചൊളിവിലൊതുങ്ങിയ രാത്രി!
കടലൊരു ഗാനം
കരയൊരു തേങ്ങൽ
ഇടയിൽച്ചിറകു മുളയ്ക്കും രാത്രി
വിതുമ്പി വിതുമ്പിയിരിക്കേ,
പരിചയമില്ലാത്തവനിയിലാരും
പറയാ, തറിയാ, തമ്മ കരഞ്ഞു-
കരഞ്ഞു തളർന്നു മയങ്ങീ...
അരികിൽത്തേങ്ങാനറിയാതേ
ദ്രുതതരമിളകിത്തിരിയും ഭൂമിയി-
ലൊരുതരി കൽക്കരിപറ്റുമ്പോലെ-
യുഷസ്സിലുറഞ്ഞൊരു മേഘം പോലെ
നിതാന്തയുഗങ്ങടെ യവനിക
നീങ്ങിയ വിടവിൽക്കൂടെ-
യൊരുന്മാദത്തിൻ ചലനംപോലെ-
യിരുട്ടിൽ വന്നു പിറന്നു ഞാൻ...

ഒരു തീപ്പൊരിയായ്
വഴിതെളിയിക്കാൻ,
ഒരു നീർമണിയായ്
ദാഹമകറ്റാൻ,

ഇരുളെൻ ചുറ്റുമുയർത്തിയ കോട്ട
പൊളിച്ചു കടക്കാൻ വെമ്പീ ഞാൻ,
ശൂന്യതമാത്രം മുന്നിൽ...
ചിതയിലുയർന്ന പുകച്ചുരുൾപോലൊരു മാനം,
വഴിയറിയാത്ത വിശാലത, കണ്ണിൽ-
തിമിരമണയ്ക്കും ഭൂമി.
ആഴമളക്കാനാവാതുള്ളൊരു
പാരാവാരം കാലം,
എങ്ങനെയാദിയുമന്തവുമില്ലാ-
ത്തിരകളിൽനിന്നു കരേറും ഞാൻ?
എവിടെ?-തേടിയ മുത്തുകളെവിടെ?
തിരയും തീരത്തലിയും നുരയും
ക്ഷണികസ്വപ്നവികാരശതങ്ങളിൽ
മധുരം നുകരുകയല്ലോ...
ഞാനോ?-കണ്ണിൻ കരയിൽ, കടലിൽ
കരിയിരുൾ വാരിത്തേച്ചും,
അന്തിക്കുളിരിൽ വിറച്ചും,
കണ്ണീരുപ്പിലുറഞ്ഞും,
നീറി മരിച്ചിട്ടുണരുന്നു!
നേർത്തു നനുത്തോരെൻ ഹൃദയത്തിൻ
ചുട്ട നെട്ടുവീർപ്പുകൾ,
വിരലടയാളം വീഴാതുള്ളീ
വീണക്കമ്പികൾ,
കടലലതന്നിൽ തെന്നിത്തളരും,
തീവ്രവിഷാദച്ചുവയും മോന്തി-
കരിയിരുളായ്ത്തേങ്ങുന്നു!
ആരോ ചൊല്ലിത്തന്നൊരു മന്ത്രം,
ഹൃദയാഹ്ളാദ മനോഹരനാദം
കേട്ടു മറന്നു.
ചേതനയെന്നിൽ വിളറുന്നു,
നീരാളിക്കൈപടരുന്നു
ചേർത്തുമുറുക്കുന്നാഴിക്കടിയിലെ
ഗോപുരവാതിൽ തുറക്കുന്നു,
ഞാനൊഴുകുന്നു...
കരയുന്നോ?-ഞാനറിയുവതെങ്ങനെ
നീലജലത്തിൽ?

തളരുന്നോ?-ഞാനറിയുവതെങ്ങനെ-
യലമാലകളിൽ
ഒരു ഞൊടിയിടയൊന്നോർത്തോട്ടേ,
ഞാനുണ്ടോ?-കരിയിരുളായോ!

## — 12 —

# അനസൂയ

രാത്രിയായ് സഖീ
പൂത്ത വാകകൾ മഞ്ഞും ചൂടി
നിഴൽ പോലുറങ്ങുന്നു.
മുല്ലകൾ, വസന്തശ്രീ
വെൺതിരി കൊളുത്തിയോ-
രല്ലിലെത്തപോവന-
ദീപങ്ങളണഞ്ഞുപോയ്.
മാലിനിക്കകം വിങ്ങി വിതുമ്പും
ചുടുകാറ്റിലോർമ്മകൾ പിടഞ്ഞേറ്റു
കരയാൻ തുടങ്ങുന്നു.
ഉടയുന്നില്ലാ നിന്റെ വിഗ്രഹം
കരിനീല മിഴികൾ ചലിപ്പിച്ചു.
കലങ്ങിച്ചുവന്ന കൺകോണുകൾ കുമ്പീ
നീല നീലമാം വനത്തിന്റെ
മാറിൽ നിന്നനന്തമാം
പാതയിൽ ലയിക്കുന്നു.
കണ്ണുനീർ വീണെൻ വഴി-
യൊഴുകിപ്പോയീ മുന്നിൽ
പർണ്ണശാലയിൽ പൂത്ത
വള്ളികൾ കരിഞ്ഞുപോയ്
താത കണ്വനും പ്രിയംവദയും
വിളർത്തു വെൺമേഘമായ്,
നിശ്വാസമായ്, എന്നെ വിട്ടകന്നുപോയ്.

ശൂന്യമാമൊരു വെറും

വൃത്തമായ് തപോവനം,
ഹാ, മൃദുജ്യോത്സ്നാ, ശോണ-
പല്ലവം വിളർത്തുപോയ്,
അരികിൽ വനപ്പച്ചയുരുകിത്തിളച്ച
നിൻ സ്മൃതിപോലൊലിക്കവേ
പകൽ പോയേതോ വഴി
കാത്തുനിൽക്കുവാനാർക്കു കഴിയും
തപസ്സിന്റെ തണലിൽ
തേജോ ഗോളമണ്ഡലം തുടിക്കുമ്പോൾ,
സന്ധ്യകൾഹവിർഗന്ധധൂമങ്ങൾ വാങ്ങി-
സ്സ്വർഗവാതിലും കടന്നു,
കൂരിരുളും പറന്നെത്തി.
ചക്രവാകങ്ങൾ കൂമ്പും
താമരയ്ക്കുള്ളിൽപ്പെട്ട
വണ്ടുകൾ മൂളും രാഗഗീതികൾ കേട്ടു;
പ്രാചീവദനം നോക്കിത്തളിരിലയിൽ
തനിച്ചിരുന്നിണയെക്കാണാൻ വെമ്പി-
യന്തിയെശ്ശപിക്കുമ്പോൾ,
നീണ്ടുനീണ്ടുപോം ശൂന്യയാമിനി
ഹേമന്തത്തിൻ കുമ്പിളിൽ
കുളിർകോരിയുടജം നനയ്ക്കുമ്പോൾ
പാതിരക്കാറ്റിൽ നിന്റെ
ഗദ്ഗദം തുളുമ്പുന്നു,
മന്ദമായ് മധുരമാം നിൻസ്വനം
വന്നെൻ ചുറ്റമിമ്പമാർന്നേതോ
പൂർവ്വസൗരഭം തളിക്കുന്നു...
"പറയാതെല്ലാമറിഞ്ഞീടുവാ-
നനസൂയയ്ക്കെന്തുപാടവം"-
സഖി ചൊല്ലിടും സ്മിതാസ്യയായ്;
വെളിച്ചം നിറയുമെൻ കൺകളെ-
ക്കുടെക്കുടെയടച്ചും മിഴിച്ചുമെൻ
മൊട്ടിനെപ്പൊതിയുന്ന
തളിരായിരുന്നു ഞാൻ.
പെട്ടെന്നു കപോലത്തി-
ലൊരു തീജ്വാലയ്ക്കെന്തു കാരണം,

തിരക്കിട്ട മിഴികൾക്കെന്തേ

തെല്ല വിശ്രാന്തിയില്ലാ?
നിറയൗവനം തുടിക്കുന്ന തനുവിൽ തളർച്ചയും
വെറുതെപ്പിണക്കവുമുടനേയിണക്കവു-
മെന്തിനെന്നറിഞ്ഞു ഞാൻ;
പൊന്നിളം വെയിലൊന്നു
തൊട്ടുപോയാലെന്തിനു
പൂങ്കവിൾ ചുവന്നു ചെന്താമര നാണിക്കണം?
അജ്ഞകൾ, തപസ്വിനീലതകൾ
പരുഷാംഗവേദമാമരം ചുറ്റി-
യുണ്മയെത്തേടീടുവോർ
ആദ്യമായനംഗാഗ്നി വർണ്ണവൈവിധ്യം കാൺകെ
ആമയം പൊറുക്കുവാനാകാഞ്ഞു
ഗാന്ധർവ്വത്തി, നില്ല നിൻ പിതാവടു-
ത്തെങ്കിലും തിരക്കിട്ടു...
പകലിൻ വെട്ടം പ്രേമതരളം വിമൂകമായ്
പുഷ്പകേസരങ്ങളിൽ ചുംബിച്ചു നിൽക്കും
തുഷാരങ്ങളിൽ ദാഹാനല-
ജ്വാലയായ്  പടരുമ്പോൾ
വിരഹം കനൽകോരി വിതറും
യജനത്തിലുരുകിത്തീരും
ഹവിർബിന്ദുവായിരുന്ന നിൻ
ലോലമാം ശിരസ്സിലേയ്ക്കല്ലയോ
ദീപ്താരുണസ്ഫോടനം [1] പതിച്ചു!-
ഞാനിടറിത്തെറിച്ചുപോയ്.
ആശ്വസിക്കണം, മിഴി-
യൊപ്പി മാറ്റണം പ്രേമ-
ശുക്രതാരകം നിന്റെ
മൗലിയിൽത്തിളങ്ങുമ്പോൾ,
നീയണഞ്ഞല്ലോ നിന്റെ
ദൂരഗേഹത്തിൽ, പ്രിയ
രാജസൗധത്തിൽ രാഗ-
ശിഖയായ്ത്തെളിഞ്ഞല്ലോ,
ഹിമധൂസരസരസ്സെത്രമേൽ വിളിച്ചാലു-
മേകയായിനിക്കാല്യതാരകയുദിക്കണം.

---

1 ദുർവാസാവിന്റെ ശാപം

ആശ്രമകവാടത്തിലോടലെണ്ണയും
വാകത്താളിയും മാത്രം
സഖിയില്ല വന്നെതിരേൽക്കാൻ.
പൂവുപോൽ ചിരിക്കുന്ന,
കാറ്റുപോൽ പിടയ്ക്കുന്ന,
പ്രിയമായ് പിണക്കിനിൻ
കവിളിൽ പരിഭവകുങ്കുമം തൂകും
സ്നേഹധാരയാം പ്രിയംവദ
ഒരു വാക്കുരയ്ക്കുവാൻ വയ്യാതെ,
ബാഷ്പാവിലം കണ്ണുകൾ മറയ്ക്കുവാ-
നാകാതെ മുഖം താഴ്ത്തി
ചിരിയും മറന്നു രാക്കിളിയോ-
ടൊപ്പം തേങ്ങി-
യിരുളിൽ കൊഴിഞ്ഞശ്രു-
നദിയായൊലിച്ചുപോയ്.
വിടരാൻ കൊതിക്കുന്ന പൂക്കളിൽ
കിനാവിന്റെ തരിയും
പെറുക്കിയിട്ടന്ത്യയാമവും വന്നു.
ഒരു പൊന്നിഴയായ് നി-
ന്നോർമ്മയാണല്ലോ നെഞ്ചിൽ
ഒരു നീർമുത്തായി നിൻ
ദുഃഖമാണല്ലോ കണ്ണിൽ,
ഒരു പൂമൊട്ടായി നിൻ
സുഖമാണല്ലോ ചുണ്ടിൽ,
എപ്പൊഴും നിന്നെക്കുറി-
ച്ചെന്തിനോ വെമ്പും ഹൃത്തിൽ
ഒരു വേപഥു ചുറ്റി-
പ്പറ്റി നിൽക്കുന്നു വീണ്ടും!

— 13 —

## വിഷാദസൗഖ്യം

ഇല്ലെനിക്കൊട്ടും വിഷാദം പ്രപഞ്ചത്തി-
ലില്ല നാം ചൊല്ലും വിഷാദം!
ആരോ വിമൂഢൻ കിനാവിൽ നുകർന്നോ-
രമൃതകണികയെത്തെറ്റായ്
പേരിട്ടു പോരാത്ത പോരായ്മയൊക്കെ-
ച്ചുമത്തിക്കൊട്ടും വിഷമാക്കി.
ചുറ്റുമിരമ്പും പ്രലോഭനശ്രേണി ത-
ന്നുത്സവോന്മാദം വിഴുങ്ങി
ചക്രവാളത്തെത്തകർക്കാൻ, തുടിക്കും
തരംഗതാളത്തെത്തള്ളാൻ.
മിഥ്യാഭ്രമം പൂണ്ടടങ്ങാത്ത ചെമ്പൻ-
കുതിരയായിക്കുതികൊൾകെ
നിൽക്കു, നിൽക്കു! തെല്ലു മൗനം ഭജിച്ചീ
കരിമ്പാറമേൽ വന്നിരിക്കു!
നീലയവനികയ്ക്കിപ്പുറം നിൽക്കേ-
യശാന്തമാം കൺമിഴി പൂട്ടൂ,
തെന്നിത്തെറിക്കും ഹൃദയദലങ്ങളെ
കൂപ്പുകൈ ചേർന്നൊന്നമർത്തു,
ചെല്ലച്ചിറകിട്ടടിക്കും സ്മൃതികളെ
താഴിട്ടുപൂട്ടിത്തളയ്ക്കൂ,
നോക്കു മഹാശൂന്യഗംഭീരമിച്ചിത്ര-
മെത്ര മഹോന്നതം മുന്നിൽ!
ഇല്ലാ പിറകിൽ, പിറകോട്ടു തള്ളി-
ക്കുതിച്ചു പിന്നിട്ട വഴിയിൽ

ആദിയുഗങ്ങൾക്കുമപ്പുറം പൂത്തപൊൻ-
താമര വീശും വെളിച്ചം;
എങ്ങോ വിദൂരഗ്രഹങ്ങളിൽ പോയ്മറ-
ഞ്ഞൂഴിയെ നിർദ്ധനയാക്കി...
നേരിൽ മുഖംനോക്കി സ്വച്ഛസ്മിതത്തോടെ
നിൽക്കുകയാണു നാമെന്നും
തീരങ്ങളില്ലാ സമുദ്രം-യുഗാന്ത്യ-
പ്രളയ-മെങ്ങെന്നു ചോദിപ്പൂ.
ആഴിക്കയങ്ങളിൽ നിർവൃതിക്കായ് തിര-
ക്കമ്പനം നോക്കി നാം നിൽക്കേ
അണ്ഡകടാഹത്തിനായിരം ജാലക-
പ്പാളിയിലൊന്നു തുറക്കും...

ഏറെ നടന്നും നിരങ്ങിയും ഞാനെന്റെ
പാത കണ്ടെത്തിപ്പിടിച്ചു
പേരിട്ടു നീട്ടിപ്പറഞ്ഞു നിങ്ങൾക്കായ്
പരിചിതമാക്കുക വയ്യാ!
പെയ്തൊഴിഞ്ഞാലും കരിങ്കാറു മായാ-
ത്തൊരംബരം പോലെ ഞാൻ കാൺമൂ
അല്ലാ, നിറഞ്ഞ നിശ്ശബ്ദത, ശൂന്യത
സാകാരമായതു പോലെ!
ഹാ, ഹാ! മഹാശൂന്യഗംഭീരമിച്ചിത്ര-
മെത്ര മഹോന്നതം മുന്നിൽ!
മോക്ഷത്തിനേകമാം പാതയിതല്ലാതെ
മറ്റേത്?-ഞാനറിവീല

“എന്റെ നെടുവീർപ്പിനെന്തൊരു ചൂടെന്റെ
കണ്ണീരിനെന്തൊരുപ്പെന്നൊ,
മാറ്റുരച്ചാലുടൻ കത്തിപ്പടർന്നുയർ-
ന്നീ വിശ്വമാകെയെരിക്കും!”-
എന്തൊരഭൗമമാം ഗൗരവമാണാർക്കു-
മാത്മദുഃഖങ്ങളുരയ്ക്കേ!

നഷ്ടമായ്പ്പോയ പീയൂഷസുഗന്ധത്തി-
നാർത്തി പെരുത്ത മദത്താൽ
തൃഷ്ണകൾ ദർഭക്കരുംതുമ്പിലുന്മത്ത-
മസ്തകം തല്ലിയാടുന്നൂ

[1] ഗ്രീഷ്മാഗ്നിയെപ്പെറ്റ ഗർഭഗൃഹത്തിലെ-
ച്ചൂളയിൽ വേവുന്ന ഭൂമി
വീണ്ടും പുനർജ്ജന്മതാരുണ്യ മോഹ-
വിമൂർച്ഛയാൽ വിത്തു പാകുന്നു.
മഞ്ഞയാണെൻ നിറം ഞെട്ടറ്റ സ്വർണ്ണ-
പർണ്ണങ്ങൾ കൊഴിയുന്ന കാലം
ചൂടിൽ പിറന്നതേ ചൂടിൽ മരിക്കുമീ
വേനലിന്നെന്തുണ്ടു ദുഃഖം?
എന്റെ വിഷാദമരുമയായ് കെട്ടി-
പ്പൊതിഞ്ഞെന്റെ മാറിലൊതുക്കീ
തീർത്ഥാടനത്തിന്നു പോകവേ ഹൃത്തിൽ
കരയുവാനെന്തിരിക്കുന്നു?
പോര, പോരായിരം പുണ്യസ്മിതങ്ങളെ
പോറ്റും വിഷാദ തമസ്സേ!
എന്നിൽ നിറയൂ, നിറഞ്ഞെന്റെ സർവ്വ-
സിരയിലും തേങ്ങിപ്പടരൂ!
മഞ്ഞിൽ കറുത്ത മധുരമായ് ഗൂഢ-
രഹസ്യമായെന്നിൽ കുതിരൂ!

1 സുഖമല്ലാത്ത ദുഃഖം ഏത്?

— 14 —

## എന്നെ ഞാനറിഞ്ഞീല

എന്നെ ഞാനറിഞ്ഞീ, ലെൻ
ചിരി ഞാനറിഞ്ഞീല,
കണ്ണുനീരറിഞ്ഞീല-
ജ്ജീവിതം വിളയിക്കും
കയ്പുനീരറിഞ്ഞീല,
കാലവർഷത്തിൻ കൂലം
കുത്തുമീയൊഴുക്കിലെ-
ചെമ്പരത്തിപ്പൂവിതൾ
പോലെ ഞാനുണരുന്നു!
ഇള തന്നനുരാഗ-
വാഞ്ഛ ഞാനറിഞ്ഞീല,
ഇരുളിന്നാമന്ത്രണ-
ഗീതകം മുകർന്നീല,
അർദ്ധരാവിലെ ശ്ലഥ-
നിദ്രയിൽ പതിരായി
വിളറിക്കൊഴിഞ്ഞിടും
സ്വപ്നങ്ങളറിഞ്ഞീല!
പൗർണ്ണമിപ്പൂവിൻ സ്വർണ്ണ-
കേസരമുലർന്നീടും
രജനീപഥം കണ്ണിൽ
പൂത്തിരി കൊളുത്തവേ,
ഞാനറിഞ്ഞീടാതെന്റെ
പതംഗംക്ഷതമേറ്റ
മൃദുപക്ഷങ്ങൾ തല്ലി-

ത്തലയിട്ടടിക്കവേ,
അറിയാതെന്നിൽത്തേങ്ങി
നിറയും കിനാവിന്റെ
ശവകോശങ്ങൾ വാരിപ്പുണരും-
മഹാമോഹജാലങ്ങളറിഞ്ഞീല!
സത്യമായ്, നിത്യോദാര-
സൗഖ്യമായ്, പ്രാപഞ്ചിക-
ദുഃഖമാമിരുട്ടിന്റെ
കിളികൾ പൊരുന്നിരു-
ന്നുണ്ണികൾ വിരിഞ്ഞിടും
മൃതിജന്മങ്ങൾ പൂത്ത
പൂവിതൾ കൊഴിയുമീ
ചതുപ്പു നിലങ്ങളിൽ,
ചതുരക്കള്ളിക്കള്ളിൽ,
കരുവും നീക്കിത്തോൽക്കാൻ,
തോൽവിയിലുണർന്നീടാൻ,
നോമ്പുനോറ്റിരിപ്പു ഞാൻ!

# ലളിതാ ലെനിൻ



മലയാളത്തിലെ ഒരു കവയിത്രിയാണ് **ലളിതാ ലെനിൻ**. കേരള സർവകലാശാലയിലെ ലൈബ്രറി സയൻസ് വിഭാഗം മേധാവിയായിരുന്നു.

1946-ൽ തൃശ്ശൂർ ജില്ലയിലെ തൃതല്ലൂരിൽ ജനിച്ചു. കേരള സർവകലാശാലയിൽ നിന്നും രസതന്ത്രം, ലൈബ്രറി സയൻസ് എന്നീ വിഷയങ്ങളിൽ ബിരുദം നേടി. 1976-ൽ മൈസൂർ സർവ്വകലാശാലയിൽ നിന്നും ലൈബ്രറി സയൻസ് ബിരുദാനന്തര ബിരുദ പരീക്ഷയിൽ ഒന്നാം റാങ്കും ഡോ. എസ്.ആർ. രംഗനാഥൻ സ്വർണ മെഡലും കരസ്ഥമാക്കി. 1977-ൽ പീച്ചിയിലെ വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ലൈബ്രേറിയനായി ജോലിയിൽ പ്രവേശിച്ചു. 1979-ൽ കേരള സർവകലാശാലയിൽ അധ്യാപികയായി ജോലി ലഭിച്ചു. 1990 മുതൽ 1995 വരെ ലൈബ്രറി സയൻസ് വിഭാഗം മേധാവിയായിരുന്നു. 2006 മാർച്ച് 31-ന് ജോലിയിൽ നിന്നും വിരമിച്ചു.

## 1 കൃതികൾ

- കരിങ്കിളി (കവിത)
- കർക്കിടവാവ് (കവിത)
- നമുക്കു പ്രാർത്ഥിക്കാം (കവിത)
- കടൽ (കവിത)
- സമാഹരിക്കാത്ത കവിതകൾ (കവിത)
- മിന്നു (കുട്ടികൾക്കായുള്ള നോവൽ)

## 2 പുരസ്കാരങ്ങൾ

- ബാലസാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം (1986)

- അബുദാബി ശക്തി അവാർഡ് (1996)
- മൂലൂർ പുരസ്കാരം (2001)

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.